# ആഗോളസുറിയാനി പണ്ഡിതരുടെ

# സംഗമം നടന്നു

കൊച്ചി: ആഗോളസുറിയാനി പണ്ഡിതരുടെ സംഗമം മൗണ്ട് സെന്റ് തോമസിൽ സീറോ-മലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ നടന്നു. കോട്ടയം സെന്റ്. എഫ്രേം എക്യുമെനിക്കൽ റിസർച്ച് സെന്റർ (സീറി) സംഘടിപ്പിച്ചിട്ടുള്ള ഒമ്പതാമത് ആഗോളസുറിയാനി കോൺഫറൻസിന്റെ ഭാഗമായിട്ടാണ് മൗണ്ട് സെന്റ് തോമസിൽ സുറിയാനി പണ്ഡിതർ സമ്മേളിച്ചത്. സീറോ-മലബാർ സഭയുടെ സുറിയാനി പാരമ്പര്യത്തെക്കുറിച്ചും സഭയുടെ ആസ്ഥാനകാര്യാലയത്തിൽ സ്ഥാപിതമായിട്ടുള്ള മാർ വാലാഹ് സിറിയക് അക്കാദമിയുടെ പ്രവർത്തനത്തെക്കുറിച്ചും കർദിനാൾ ആലഞ്ചേരി വിവരിച്ചു. സുറിയാനി പണ്ഡിതനായ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ആശംസകൾ നേർന്നു പ്രസംഗിച്ചു.

സീറിയുടെ സ്ഥാപകനായ റവ. ഡോ. ജേക്കബ് തെക്കേപറമ്പിൽ, മാർ വാലാഹ് സിറിയക് അക്കാദമിയുടെ ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ, സുറിയാനി പ്രഫസർ റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ, റവ. ഫാ. ജോബി മാപ്രകാവിൽ എന്നിവരുടെ നേതൃത്വത്തിലാണ് സുറിയാനിസംഗമം സംഘടിപ്പിച്ചത്. ലിറ്റർജിക്കൽ റിസർച്ച് സെന്റർ പബ്ലിളിക്കേഷൻസ് ഉദയംപേരൂർ സുനഹദോസിനെ സംബന്ധിച്ചു പ്രസിദ്ധീകരിച്ച തോമസ് ക്രിസ്ത്യൻ ഹെറിറ്റേജ് ജേർണൽ കർദിനാൾ മാർ ആലഞ്ചേരി മാർ ജോസഫ് കല്ലറങ്ങാട്ടിനു കോപ്പി നൽകി പ്രകാശനം ചെയ്തു. സംഗമത്തിനുശേഷം സഭാ ചരിത്രത്തെ അടുത്തറിയുവാൻ സെന്റ് തോമസ് ക്രിസ്ത്യൻ മ്യൂസിയവും മാർ വാലാഹ് സിറിയക് അക്കാദമിയും സന്ദർശിച്ചു.



സീറോ-മലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെയോടൊപ്പം ആഗോളസുറിയാനി പണ്ഡിതരും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, റവ. ഡോ. ജേക്കബ് തെക്കേപറമ്പിൽ, റവ. ഡോ. പീറ്റർ കണ്ണമ്പുഴ, റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ എന്നിവരും.

**Mar Walah Syriac Academy organizes intensive Syriac Classes from 17 (Wednesday 9 a.m.) to 21 (Sunday 4 p.m.) October 2018 at Mount St Thomas, Kakkanad.**

**Mar Walah Syriac Academy**
**Mount St. Thomas, Kakkanad - 682 030**
**P.B. No. 3110, Kochi, Kerala**
**Mob: 09497324768/ 09446578800**
**Email Id: lrcsyromalabar@gmail.com**
**Facebook: St. Thomas Christian Museum**
**Website: www.stthomasmuseum.com**